പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2110

11.06.2018 ൽ
മറുപടിയ്ക്ക്

## കോതമംഗലത്ത് മുൻസിഫ് കോടതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആന്റണി ജോൺ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കേരളത്തിൽ മുൻസിഫ് കോടതി ഇല്ലാത്ത ഏക താലൂക്ക് ആണ് കോതമംഗലം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല, മുൻസിഫ് കോടതികളുടെ താലൂക്ക് തലത്തിലുള്ള വിവരം പ്രത്യേകം സൂക്ഷിക്കാറില്ല, |
| (ബി) കോതമംഗലത്ത് മുൻസിഫ് കോടതി എന്ന ആവശ്യം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ;<br>(സി) ഇതു സംബന്ധിച്ച C5/36/17/Home എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;<br>(ഡി) കോതമംഗലം താലൂക്കിൽ മുൻസിഫ് കോർട്ട് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും (ഡി) യും കോതമംഗലത്ത് മുൻസിഫ് കോടതി ആരംഭിക്കുന്നത് ഉൾപ്പെടെ ധാരാളം സ്ഥലങ്ങളിൽ പുതിയ കോടതികൾ ആരംഭിക്കണം എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങളും കത്തുകളും സർക്കാരിൽ ലഭിക്കുകയുണ്ടായി. കോടതികൾ സ്ഥാപിക്കണം എന്ന ആവശ്യം നിലവിലെ കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ എണ്ണം, തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ സ്വഭാവം, സ്ഥലലഭ്യത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയൂ. ഇപ്രകാരം എല്ലാവശങ്ങളും പരിശോധിച്ച് വസ്തുതാവിശകലനം നടത്തി ഏറ്റവും ആവശ്യമായ കോടതികൾ സ്ഥാപിക്കുവാനുള്ള ഒരു നിർദ്ദേശം നൽകാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ